**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5282** **21-07-2022 - ൽ മറുപടിയ്ക്ക്**

**വികസന പഠന സ്കൂളും വികസന പഠനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ വികസന പഠന സ്കൂൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ; | (എ) | ഉണ്ട്. രാജ്യത്തിന്റെയും പ്രത്യേകിച്ച് കേരളത്തിന്റെയും വികസന പരിപ്രേക്ഷ്യം മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള സ്കീമും സിലബസും അനുസരിച്ചാണ് മലയാള സർവ്വകലാശാലയിൽ മലയാള മാധ്യമത്തിലൂടെ ബിരുദാനന്തര ബിരുദ കോഴ്സും, ഗവേഷണ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഗ്രാമീണവികസനവും ദാരിദ്ര്യ ലഘൂകരണവുമാണ് പ്രധാന ഉദ്ദേശ്യലക്ഷ്യം. കേരളത്തിൽ മറ്റ് സർവ്വകലാശാലകളിൽ ഇത്തരം കോഴ്സുകൾ ഇല്ലെന്ന സവിശേഷതയും ഉണ്ട്. |
| (ബി) | വികസന പഠനം (തദ്ദേശ വികസനം) വിഷയത്തിൽ ഗവേഷണത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (എം.എസ്.ഡബ്ല്യൂ) ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്ന വിഷയം അക്കാദമിക് സമിതികളുടെ പരിഗണനാവിഷയമാണ്. |
| (സി) | സംസ്ഥാനത്തിന്റെ പ്രാദേശിക വികസന പ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും പ്രായോഗിക പ്രശ്നപരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കഴിയുന്ന പഠനശാഖയായ സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം, വികസന പഠനം (തദ്ദേശ വികസനം) വിഷയത്തിലെ ഗവേഷണത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്ന വിഷയം അക്കാദമിക് സമിതികളുടെ പരിഗണനാവിഷയമാണ്. |

സെക്ഷൻ ഓഫീസർ